# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6612 04.04.2018-ൽ മറുപടിനല്കേണ്ടിയിരുന്നത്.

## വെന്നിയൂർ-കളങ്ങര ലിങ്ക് റോഡ് നിർമ്മാണം

| ചോദ്യം<br><br>ശ്രീ.പി.കെ.അബ്ദു റബ്ബ് | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|
| തിരൂരങ്ങാടി മണ്ഡലത്തിലെ തെന്നല, എടരിക്കോട് എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വെന്നിയൂർ-കുളങ്ങര ലിങ്ക് റോഡിന്റെ നിർമ്മാണത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ 2014 – 15 വർഷത്തെ എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും വെന്നിയൂർ കളങ്ങര പുതുപ്പറമ്പ് ലിങ്ക് റോഡ് നിർമാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. വേങ്ങര ബ്ലോക്ക് പഞ്ചായത്തിലെ തെന്നല, എടരിക്കോട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് വെന്നിയൂർ കളങ്ങര പുതുപ്പറമ്പ് ലിങ്ക് റോഡ് നിർമ്മാണ പ്രവർത്തി പുതുപ്പറമ്പ് പാടശേഖരത്തിലൂടെയാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി റോഡ് നിർമ്മിക്കുവാൻ ഉദ്ദേശിച്ച തെന്നല വില്ലേജിലെ സർവ്വേ നമ്പർ 180/18 ഉൾപ്പട്ട 45 സെന്റ് സ്ഥലം നിലം നികത്തുന്നതിനുവേണ്ടി തെന്നല പഞ്ചായത്ത് കൃഷി വകുപ്പിന് അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സ്ഥലം പരിവർത്തനപ്പെടുത്തുന്നത് ഭാവിയിൽ സമീപത്തുള്ള വയലുകൾ തരം മാറ്റപ്പെടാൻ സാധ്യതയുള്ളതിനാലും പാടത്തിന്റെ ജലനിർഗമനത്തെയും കൃഷിയെയും ബാധിക്കുമെന്നതിനാലും കൃഷിവകുപ്പ് അപേക്ഷ |

| | | | |
|---|---|---|---|
| | | | നിരസിക്കുകയുണ്ടായി. തെന്നല ഗ്രാമപഞ്ചായത്ത് ടി തീരുമാനം പുനപരിശോധിക്കുന്നതിന് വേണ്ടി കൃഷിവകുപ്പിനെ വീണ്ടും സമീപിച്ചിരിക്കുകയാണ്. |

**സെക്ഷൻ ഓഫീസർ**